പേപ്പട്ടി വിഷബാധയ്ക്കെതിരെ ഫലപ്രദമായ ചികിൽസ

44 [78] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേപ്പട്ടി വിഷബാധയ്ക്കെതിരെ ഏറ്റവും ഫലപ്രദമായ ചികിൽസയ്ക്ക് ഊട്ടിയിൽനിന്നും മരുന്നുവാങ്ങി കുത്തിവയ്ക്കുകയാണ് പതിവ് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാവപ്പെട്ടവർക്ക് ഇതിന് കഴിവില്ലാത്തതിനാൽ ഓരോ ജില്ലാകേന്ദ്രത്തിലും ഫലപ്രദമായി മരുന്ന് ലഭ്യമാക്കാനും മറ്റും കെടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കാനും വേണ്ട നടപടികളും കൈക്കൊള്ളുമോ;

(സി) പേപ്പട്ടിവിഷ ചികിൽസയ്ക്കുവേണ്ടി ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) പേപ്പട്ടി വിഷബാധയ്ക്കെതിരെ ഫലപ്രദമായ ചികിൽസയ്ക്ക് തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബോറട്ടറിയിൽ ഉണ്ടാക്കുന്ന ഏ. ആർ. വാക്സിൻ കുത്തിവയ്ക്കുകയാണ് പതിവ്. എന്നാൽ കുത്തിവയ്ക്കുന്നതിന്റെ ഡോസ്സും അളവും കുറച്ചുമതി എന്നതുകൊണ്ട് ചില ആളുകൾ സ്വന്തം ചെലവിൽ ഊട്ടിയിൽ ഉണ്ടാക്കുന്ന ഏ. ആർ. വാക്സിൻ വാങ്ങി കുത്തിവയ്ക്കാറുണ്ട്.

(ബി) ഊട്ടിയിൽ ഉണ്ടാക്കുന്നതുപോലെ ഏ. ആർ വാക്സിൻ ഇവിടേയും ഉണ്ടാക്കാനുള്ള പ്രാരംഭ ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. പുതിയ ലാബറട്ടറി സംവിധാനവും പ്രവർത്തനക്ഷമമാക്കുന്നുണ്ട്. അതിനുശേഷം ഊട്ടിയിൽ ഉണ്ടാക്കുന്നതുപോലെ വാക്സിൻ ഇവിടെനിന്നും ഉണ്ടാക്കി വിതരണം ചെയ്യുന്നതിനു സാധിക്കും.

(സി) പേപ്പട്ടി വിഷചികിൽസക്കാവശ്യമായ 25 ലക്ഷം സി. സി. വാക്സിൻ പ്രതിവർഷം പബ്ലിക് ഹെൽത്ത് ലാബറട്ടറിയിൽ ഉണ്ടാക്കുന്നുണ്ട്. ഇതിൽ 15 ലക്ഷം സി. സി വാക്സിൻ മനുഷ്യരിൽ സംശയാസ്പദമായ കേസുകൾക്കു കൊടുക്കുന്നതിനുവേണ്ടി ശീതീകരണ സൗകര്യമുള്ള എല്ലാ ആശുപത്രികളിലും എത്തിച്ചുകൊടുക്കുന്നുണ്ട്. കൂടാതെ 10 ലക്ഷം സി. സി. വാക്സിൻ പട്ടികയും അല്ലാതെയുള്ള മൃഗങ്ങളിൽ രോഗപ്രതിരോധത്തിനുവേണ്ടി മൃഗസംരക്ഷണവകുപ്പിനു കൈമാറുന്നുണ്ട്.

ഗ്രാമീണ വൈദ്യൻമാരുടെ പെൻഷൻ

45 [79] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ വൈദ്യൻമാരുടെ പെൻഷൻ തുക വർദ്ധിപ്പിക്കണമെന്നും ഇപ്പോഴത്തെ നൽകിവരുന്ന പെൻഷൻ തുക വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള ഗ്രാമീണ വൈദ്യസംഘം ഗവൺമെന്റിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly